# പാഠം / Lesson - 9

# യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ

# TEACHINGS OF JESUS CHRIST

(രണ്ടാംഭാഗം / PART II)

**വായനഭാഗം / Scripture Portions**

ലൂക്കൊ. 13:1-9; യോഹ. 3:1-19 / Lk. 13:1-9; Jn. 3:1-19

**മനഃപാഠം** / *Memory Verse* : **യോഹന്നാൻ 8:31,32 / Jn. 8:31, 32**

"തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു."

"Jesus then said to the Jews who had believed in him." If you continue in my word, you are truly my disciples, and you will know the truth and the truth will make you free."

**ലക്ഷ്യം :**

യേശുവിന്റെ യഥാർത്ഥ ശിഷ്യനായി ത്തീരുക.

**മുഖവുര :**

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളുടെ കേന്ദ്രവിഷയം ദൈവരാജ്യം എന്നുള്ളതാണ്. ദൈവരാജ്യത്തിലെ പൗരന്മാർ ആ രാജ്യത്തിന്റെ നിയമങ്ങൾ പഠിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണ്. ഈ പാഠത്തിൽ യേശുവിന്റെ ഉപദേശങ്ങൾ വിഷയങ്ങളായി വേർതിരിച്ച് പഠിക്കാം

**1. മാനസാന്തരം :**

പ്രകൃത്യാ പാപത്തിനടിമയായ മനുഷ്യൻ ആത്മീകമായി ഉണർത്തപ്പെട്ട് തന്റെ

**Objective**:

To become a true disciple of Jesus.

**Introduction:**

The central theme of Jesus' teachings is the Kingdom of God. The citizens of the kingdom shall have certain laws and they are obliged to obey them. In this lesson, let us learn Jesus' teachings accordingly.

**1. Repentance**

Repentance is individual experience of returning to God after being

തെറ്റുകളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിയുന്ന അനുഭവമാണ് മാനസാന്തരം. ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന ആഹ്വാനത്തോടുകൂടിയാണ് യേശു പരസ്യശുശ്രൂഷ ആരംഭിച്ചത് (മത്താ. 4:17, മർ. 1:15). മാനസാന്തരം എല്ലാ മനുഷ്യർക്കും ആവശ്യമാകുന്നു എന്നും മാനസാന്തരപ്പെടാത്തവർ നശിച്ചുപോകുമെന്നും യേശു പഠിപ്പിച്ചു (ലൂക്കൊ. 13:5).

**2. വിശ്വാസം :**

മാനസാന്തരപ്പെടുന്ന ഒരുവൻ, രക്ഷയും നിത്യജീവനും ലഭിക്കുന്നതിന് രക്ഷിതാവായ യേശുക്രിസ്തുവിൽ വിശ്വസിക്കണം എന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (യോഹ. 3:16-18, 6:40, 14:1, മർക്കൊ. 1:15. 16:16). ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്ന് യേശു പറഞ്ഞു (യോഹ. 6:29)

**3. വീണ്ടും ജനനം :**

ഒരു വ്യക്തി മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പരിശുദ്ധാത്മാവ്, ദൈവവചനത്താൽ അയാളെ വീണ്ടും ജനനത്തിലേക്ക് നടത്തുന്നു. പുതുതായി ജനിക്കാത്ത ഒരുത്തരും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (യോഹ. 3:3-16).

**4. രക്ഷ:**

മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിപ്പിച്ച് വീണ്ടുംജനനം പ്രാപിക്കുക എന്നതാണ് പാപത്തിന് അടിമയായ മനുഷ്യന്റെ ഏകരക്ഷാമാർഗ്ഗം. രക്ഷയ്ക്കായുള്ള ഏകവാതിൽ താനാണെന്നും യേശു പഠിപ്പിക്കുകയും ആ രക്ഷയിലേക്ക് മനുഷ്യരെ വിളിക്കുകയും ചെയ്തു (യോഹ. 10:9; 8:24; 5:24; ലൂക്കൊ. 19:9).

**5. സ്നാനം :**

സ്നാന ശുശ്രൂഷ യോഹന്നാൻ സ്നാ

inspired by the Holy Spirit and there is a confession of sinful life. Jesus also began his public ministry by the command, ‘Repent for the Kingdom of God is at hand’ (Mt. 4:17, Mk. 1:15). Jesus taught necessity of repentance in everyone’s life and those who do not repent, will be perished (Lk. 13:5).

**2. Faith**:

Jesus clearly teaches us that the person who is repented shall believe in the savior and then only he will receive the salvation and eternal life (Jn. 3:16-18; 6:40; 14:1; Mk. 1:15; 16:16). Jesus answered them, “This is the work of God, that you believe in him whom he has sent.” (Jn. 6:29).

**3. Re-birth:**

(Not the concept of Hindu re-birth) When a person repents and believes in Jesus Christ, the Holy Spirit with the power of the word leads him to the act of re-birth. Jesus elucidates that those who are not born again shall not enter into the kingdom of God (Jn. 3:3-16).

**4. Salvation:**

The only way of salvation for sinners is that sinners shall repent and believe in Jesus Christ. Jesus teaches that he is the only way of salvation, and he invites people into the salvation (Jn. 10:9; 8:24; 5:24; Lk. 19:9).

പകനാണ് ആരംഭിച്ചതെങ്കിലും കർത്താവാ യ യേശുക്രിസ്തു മാതൃക കാണിച്ച് അതി ന്റെ ആവശ്യം ഉറപ്പിച്ചു. ശിഷ്യന്മാർ മുഖാന്ത രം യേശു സ്നാനം നടത്തിക്കുകയും (യോഹ. 3:22) വിശ്വസിക്കുന്നവരെ സ്നാ നപ്പെടുത്തി ശിഷ്യരാക്കണമെന്ന് അവർക്ക് കല്പന കൊടുക്കുകയും ചെയ്തു (മർ ക്കൊ.16:16, മത്താ. 28:19-20). അപ്പൊസ്തല ന്മാർ യേശുവിന്റെ കല്പന അനുസരിച്ച്, വി ശ്വസിച്ച് രക്ഷിക്കപ്പെട്ടവരെ സ്നാനപ്പെടു ത്തി സഭയോട് ചേർത്തുകൊണ്ടിരിക്കുന്നു (പ്രവ. 2:38,41,47).

### 6. പരിശുദ്ധാത്മ സ്നാനം :

തന്റെ ശിഷ്യന്മാർ പരിശുദ്ധാത്മസ്നാനം പ്രാപിക്കണം എന്ന് യേശു അവരെ പഠിപ്പി ക്കയും പെന്തെക്കോസ്തു ദിവസം വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിനാൽ അവരെ സ് നാനപ്പെടുത്തുകയും ചെയ്തു (പ്രവൃ. 1:18; 2:3 4). യേശു തന്റെ പെസഹാനന്തര പ്രഭാഷണ ത്തിൽ പരിശുദ്ധാത്മാവിന്റെ സ്നാനം ഓരോ ദൈവപൈതലിനും എത്രമാത്രം ആവശ്യമാ ണെന്ന് വ്യക്തമാക്കുകയും (യോഹ. 14:16,26; 16:13). പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെ യ്യുകയും ചെയ്തു.

### 7. രക്ഷയുടെ അനുഭവം :

ഈ അനുഭവം ലഭിച്ചവർ പരിശുദ്ധാത്മ നിറവുള്ളവരായി പ്രായോഗിക ജീവിത ത്തിൽ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കു ന്നവരായിരിക്കണമെന്നു യേശു പഠിപ്പിച്ചു (യോഹ. 15:1-14).

## പ്രായോഗിക ജീവിതാനുഭവങ്ങൾ

**1. ആത്മഫലങ്ങളിൽ പ്രധാനമായ സ്നേഹം :** യേശുക്രിസ്തുവിന്റെ ഉപദേ ശങ്ങളെ സ്നേഹം എന്ന ഒറ്റവാക്കിൽ സം ഗ്രഹിക്കാം (മത്താ. 22:37-39; യോഹ. 13:34-35). യേശു തന്റെ ജീവിതത്തിലും മരണ ത്തിലും പ്രദർശിപ്പിച്ചതായ സ്നേഹം ലോ കം അതിന് മുമ്പറിഞ്ഞിരുന്നതിൽ നിന്ന് വള

### 5. Baptism:

Though John, the Baptist began baptism, Jesus firmed it by being baptized by John. Jesus also baptized with disciples (Jn. 3:22) and he further commanded to baptize those who believe and make them disciples (Mk. 16:16; Mt. 28:19-20). Disciples, according to Jesus' commandment, baptized those who believed and added them to the church (Act. 2:38, 41, 47).

### 6. Baptism in Holy Spirit:

Jesus taught the disciples that they should receive the Holy Spirit and on the day of Pentecost, he baptized them with the holy spirit (Acts. 1:18; 2:34). Jesus, in his sermon after last Passover, elucidates the importance of the baptism of the holy spirit (Jn. 14:16,26;16:13). He promised the Holy Spirit to them.

### 7. Salvation Experience:

Jesus teaches that those who receive the salvation experience must bear fruits of the Holy Spirit in their practical life (Jn. 15:1-14).

## Practical Life Experiences

### 1. Love is the most important fruit of the spirit

We can abridge the teachings of Jesus in a single word 'Love' (Mt. 22:37-39, Jn. 13:34-35). The love that Jesus reflected through his life and death was

രെ ശ്രേഷ്ഠതയേറിയതും അത്ഭുതാവഹവുമായിരുന്നു. ശത്രുക്കളെ സ്നേഹിപ്പാനും, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും യേശു പഠിപ്പിക്കുകയും (മത്താ. 5:43-48). തന്റെ പരസ്യ ശുശ്രൂഷയിൽ അത് കാട്ടി തരുകയും ചെയ്തു.

**2. പ്രാർത്ഥന:** യേശു പിതാവിനോടുള്ള സംസർഗ്ഗത്തിൽ വളരെയേറെ സമയം ചെലവഴിച്ചു. നിരന്തരമായി, വിശ്വാസത്തോടു കൂടി പ്രാർത്ഥിക്കണമെന്ന് യേശു ഉപദേശിച്ചു (മത്താ. 6:5-13, ലൂക്കൊ. 11:1-13; യോഹ. 14:1-14; 16:23-24).

**3. ദീർഘക്ഷമയും സമാധാനവും :** മറ്റുള്ളവർ നമ്മോട് ചെയ്യുന്ന തെറ്റുകളെ മനഃപൂർവ്വമായി ക്ഷമിക്കണമെന്നും (മത്താ.7:1-5). ആരാധനയ്ക്ക് കടന്നുപോകുന്നതിന് മുമ്പ് സമ്പൂർണ്ണമായ നിരപ്പ് നാം നേടേണ്ടതായുണ്ടെന്നും യേശു പഠിപ്പിച്ചു (മത്താ.5:23-25).

**4. നമ്മെ ഏല്പിച്ചിരിക്കുന്ന താലന്തുകൾ :** ദൈവരാജ്യത്തിൽ അംഗങ്ങളായ എല്ലാ ദൈവമക്കൾക്കും നല്ല യജമാനനായ കർത്താവ് താലന്തുകൾ ഏല്പിച്ചിട്ടുണ്ട്. അത് വിശ്വസ്തതയോടെ വ്യാപാരം ചെയ്യേണം എന്ന് യേശു ആഗ്രഹിക്കുന്നു (ലൂക്കൊ.19:11-17, മത്തായി 25:14-30).

**5. ആത്മീയഫലങ്ങൾ പുറപ്പെടുവിക്കുക :** യേശുക്രിസ്തുവിൽ വസിച്ചുകൊണ്ട് ആത്മീയഫലങ്ങൾ പുറപ്പെടുവിക്കണം (യോഹ. 15:1-8).

**6. യേശുവിനെ പരസ്യമായി സാക്ഷിക്കുക:** നാം യേശുവിന്റെ സാക്ഷികൾ ആകണമെന്ന് ദൈവം ആഗ്രഹിക്കുന്നു (മത്താ. 10:32-33).

മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിച്ച് വീണ്ടുംജനനം പ്രാപിക്കുകയും പരിശുദ്ധാത്മ നിറവോടുകൂടി യേശുവിന്റെ ദിവ്യസ്വഭാവത്തിന് അനുരൂപമായ വിശുദ്ധ ജീവിതം നയിക്കുകയും ചെയ്യണം.

great and wonderful. The world did not witness such a love before Jesus' time. Jesus teaches us to love our enemies and pray for those who afflict us (Mt. 5:43-48). He showed it in his public ministry.

**2. Prayer**:

Jesus spent much time in his relation to God, the father. Jesus teaches us to pray continually with faith (Mt. 6:5-13; Lk. 11:1-13; Jn. 14:1-14; 16:23-24).

**3. Patience and peace**:

Jesus teaches us to forgive the mistakes of others whole heartedly (Mt. 7:1-5) and we should get reconciled before we enter for worship (Mt. 5:23-25).

**4. Talents given to us**:

Every member of the kingdom of God is given talents by the lovable master. So Jesus expects from us that we should use our talents faithfully (Lk.19:11-17; Mt. 25:14-30).

**5. To bear the fruits of the spirit**:

We must bear the fruits by living in Jesus (Jn. 15:1-8).

**6. To testify Jesus publicly**:

God wishes us to testify Jesus in the world (Mt. 10:32-33). We should lead a holy life by believing in Jesus and must have repentance experience, and we should be conformed unto the divine nature of Jesus.

## പ്രവൃത്തി പരിചയം / Activity

1. മത്തായി 5:43-46 വരെയുള്ള വാക്യഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ആത്മീകഫലം നാം എങ്ങനെ പുറപ്പെടുവിക്കണം? ഒരു ലഘുലേഖനം തയ്യാറാക്കുക

   Based on Matt. 5:43-46, how can we bear spiritual fruit ? Write a short essay

2. ചുവടെ ചേർത്തിരിക്കുന്ന വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രിസ്തീയ ജീവിതത്തിലെ വിവിധ പടികൾ എഴുതുക?

   Write down the steps of Christian life based on the following Biblical references.

ക്രിസ്തീയ ജീവിതം
Christian Life

പ്രവ. 1:18, 2:34, യോഹ. 14:16,26
Acts. 1:18; 2:34; John 14:16, 26

യോഹ. 3:22, മർ.16:16, മത്താ. 28:19-26; പ്രവ.2:38-41
John 3:22, Mark 16:16, Matt. 28:19-26; Act. 2:38-41

യോഹ. 10:9; 8:24; 5:24; ലൂക്കൊ. 19:9
John 10:9; 8:24; 5:24; Lk. 19:9

യോഹന്നാൻ 3:3-16
John 3:3-16

യോഹന്നാൻ 3:16-18; 6:40; 14:1; മർക്കൊസ് 1:15
John 3:16-18; 6:40; 14:1; Mark 1:15

മത്തായി 4:17, മർക്കൊസ് 1:15
Matt. 14:17; Mark 1:15

3. വ്യക്തിപരമായ ജീവിതത്തിൽ പ്രാധാന്യം അർഹിക്കുന്ന പ്രായോഗിക ക്രിസ്തീയ ജീവിതാനുഭവങ്ങൾ ഏതെല്ലാം എന്ന് എഴുതുക ?

   Write down, what are the practical Christian life experiences which are important to our personal life ?

1

2

3

4

5

6